പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1367 — 04/12/2014 -ൽ മറുപടിക്ക്

**കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ് പരിഷ്കരണ പ്രവൃത്തി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പുരാവസ്തു വകുപ്പിന് വിട്ടുനൽകിയ കുറ്റ്യാടിയിലെ പഴയ സബ് രജിസ്ട്രാർ ഓഫീസിന്റെ ചുറ്റുപാടുകൾ പരിഷ്കരണ പ്രവൃത്തി നടത്തുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും നൽകിയ തുകയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) ബി) കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചിരുന്ന പുരാതന കെട്ടിടം അതേപടി സംരക്ഷിച്ച് നിലനിർത്തുന്നതിനോടൊപ്പംതന്നെ ചുറ്റുമുള്ള സ്ഥലത്തിനും ഒരു പൗരാണികത തോന്നിപ്പിക്കുന്നതിനായി ചെയ്യേണ്ടുന്ന പണികളെ സംബന്ധിച്ച്, പുരാവസ്തു വകുപ്പ് അംഗീകരിച്ചിട്ടുള്ള പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെയുള്ള പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 10/11/2014-ൽ കോഴിക്കോട് ജില്ലാ രജിസ്ട്രാർ പുരാവസ്തു വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. ടി പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റും, വിശദമായ പ്രൊജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ.